

# കൊടുങ്ങ
# സെന്റ് സെബാസ്റ്റ്യൻസ് ഇടവക

അമ്പനോളിയിൽ ഒരു പള്ളി പണിത് വർഷങ്ങൾക്കുശേഷമാണ് കൊടുങ്ങയിൽ ഒരു പള്ളി വേണം എന്ന ആശയം ശക്തമായത്. കൊടുങ്ങ അമ്പുസമുദായം അതിനുവേണ്ടി കാര്യമായ ആലോചന നടത്തുകയും 1972-ൽ കുറച്ചുസ്ഥലം ആരോത വീട്ടുകാരുടെ പക്കൽനിന്ന് വാങ്ങുകയും ചെയ്തു. അക്കാലത്ത് മൂന്നുമുറി ഇടവകയുടെ പിരിധിയിൽപ്പെട്ട പ്രദേശമായിരുന്നു ഇത്. 1972-ൽ അന്നത്തെ മൂന്നുമുറി പള്ളി വികാരി ഐനിക്കൽ ബഹു. യാക്കോബച്ചൻ കുറച്ചുസ്ഥലംകൂടി വാങ്ങി. തൃശ്ശൂർ രൂപതയിൽ നിന്ന് അനുവാദം കിട്ടിയതനുസരിച്ച് പള്ളിക്ക് തറക്കല്ലിട്ടു. തുടർന്ന് വികാരിയായിവന്ന ബഹു. സിറിയക് മണ്ടുംപാല അച്ചന്റെ മേൽനോട്ടത്തിൽ 1974-ൽ പള്ളിപ്പണി തുടങ്ങി.

## പള്ളി, ഇടവക

1974 ആഗസ്റ്റ് 18-ാം തിയ്യതിയാണ് തൃശ്ശൂർ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം പള്ളിയുടെ വെഞ്ചിരിപ്പുകർമ്മം നടത്തിയത്. അന്ന് മൂന്നുമുറി, വെള്ളിക്കുളങ്ങര എന്നീ ഇടവകകളിൽപ്പെട്ട ആകെ 160 കുടുംബങ്ങളാണ് ഇവിടെ ഉണ്ടായിരുന്നത്. 1975 ജനുവരി 1-ാം തിയ്യതി മുതൽ കൊടുങ്ങ പള്ളിയെ നിശ്ചിത അതിർത്തികളുള്ള ഇടവകപള്ളിയായി ഉയർത്തി. അമ്പനോളി വികാരിയായിരുന്ന ബഹു. ബർണാർഡ് തട്ടിലച്ചനെ കൊടുങ്ങ പള്ളിയുടെ പ്രഥമ വികാരിയായി നിയമിച്ചു. തുടർന്ന് ബഹു. ബർണാർഡ് തട്ടിലച്ചന്റെ നേതൃത്വത്തിൽ വൈദികമന്ദിരത്തിന്റെ പണി പൂർത്തീകരിച്ച് 1976 ആഗസ്റ്റ് 24-ാം തിയ്യതി വെഞ്ചിരിച്ചു. ഏറെ താമസിയാതെ, വികാരിയച്ചൻ അമ്പനോളിയിൽ നിന്ന് കൊടുങ്ങപള്ളിയുടെ വൈദികമന്ദിരത്തിലേയ്ക്ക് താമസം മാറുകയും ഇവിടെനിന്ന് അമ്പനോളി പള്ളി വികാരിയുടെ ചുമതല നിർവ്വഹിച്ചുപോരുകയും ചെയ്തു.

## പാരിഷ് ഹാൾ

1981-ൽ ബഹു. ജോൺ തെക്കേക്കരയച്ചൻ വികാരിയായിരുന്ന കാലഘട്ടത്തിൽ പള്ളിയോടു ചേർന്ന് കുറച്ച് സ്ഥലം വാങ്ങി, പാരിഷ്ഹാളും സ്റ്റേജും നിർമ്മിച്ചു. പിന്നീടാണ് പള്ളിയുടെ മുഖവാരം പണി തീർത്തത്. അതിന്റെ വെഞ്ചരിപ്പു കർമ്മം 1985 ഫെബ്രുവരി 8-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു. പിന്നീട് ബഹു. വർഗ്ഗീസ്



വൈദിക മന്ദിരം

ചാലിശ്ശേരിയച്ചൻ വികാരിയായിരുന്നപ്പോൾ കോപ്ലിപ്പാടത്ത് ഒരു കപ്പേള പുതുക്കി പണിയുകയുണ്ടായി. ബഹു. ഫ്രാൻസിസ് കാവിലച്ചന്റെ കാലത്താണ് മോനൊടി കപ്പേള പുതുക്കിപ്പണിതത്. 2002-ൽ ബഹു. അഗസ്റ്റിൻ കൊച്ചുപറമ്പിലച്ചന്റെ നേതൃത്വത്തിലാണ് വൈദികമന്ദിരം പുതുക്കിപ്പണിതത്. 2004-ൽ ബഹു. ആന്റോ പാണാടനച്ചന്റെ ഉത്സാഹത്താലാണ് സിമിത്തേരിയിൽ കപ്പേള പണിതത്.

## പുതിയ പള്ളി

2004-ൽ വികാരി ബഹു. ആന്റോ പാണാടനച്ചന്റെ നേതൃത്വത്തിൽ ഡിസംബർ 14-ന് പുതിയ പള്ളിയുടെ പണി ആരംഭിച്ചു. നവീന ദേവാലയം പൂർത്തിയായപ്പോൾ 2006 ഡിസംബർ 24-ന് മാർ ജെയിംസ് പഴയാറ്റിൽ കുദാശാകർമ്മം നടത്തി.

## സംഘടനകൾ, പ്രസ്ഥാനങ്ങൾ

വളരെ സജീവമായി പ്രവർത്തിക്കുന്ന ഇവിടത്തെ മതബോധന യൂണിറ്റിൽ 18 അധ്യാപകരും 1 മുതൽ 12 വരെ ആകെ 15 ഡിവിഷനുകളിലായി 350-ഓളം കുട്ടികളുമാണ് ഉള്ളത്. ഇപ്പോൾ ഈ ഇടവകയിൽ 431 കുടുംബങ്ങൾ 10 കുടുംബയൂണിറ്റുകളിലായി ഉൾപ്പെട്ടിരിക്കുന്നു. ഈ ഇടവകയിൽ നിന്ന് 4 വൈദികരും, 6 സന്യാസിനികളുമാണ് നാളിതുവരെയുള്ളത്.

## കപ്പേളകൾ

സെന്റ് ജോസഫ്സ് കപ്പേള, മോനൊടി; സെന്റ് ആന്റണീസ് കപ്പേള, കോപ്ലിപ്പാടം എന്നിവയാണ് നിലവിലുള്ള കപ്പേളകൾ.

## റോസറി ഹിൽ ആശ്രമം

ഭാഗ്യസ്മരണാർഹനായ 11-ാം പിയൂസ് മാർ പാപ്പയുടെ ആഹ്വാനമനുസരിച്ച് മിഷൻനാടുകളിലെ പ്രേഷിതപ്രവർത്തനത്തെ തപസ്സും പ്രാർത്ഥനയും വഴി ത്വരിതപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ 1928-ൽ ശ്രീലങ്കയിലെ ജാഫ്നയിൽ സ്ഥാപിതമായ ഏതദ്ദേശീയ ധ്യാനസന്യാസസഭയാണ് സി.ആർ.ഐ. അഥവാ റൊസേരിയൻ സഭ. കേരളത്തിലെ രണ്ടാമത്തേതും ഇരിങ്ങാലക്കുട രൂപതയിലെ ആദ്യത്തേതുമായ ഭവനം - റോസറി ഹിൽ ആശ്രമം - കൊടുങ്ങയിൽ 1999 മേയ് 12-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ ആശീർവദിച്ചു.

## ഹോളി ഫാമിലി കോൺവെന്റ് &



റൊസേറിയൻ ആശ്രമം

## ജ്യോതിഭവൻ

AVARDന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കാനുള്ള വേദിയൊരുക്കുന്നതിന് ഹോളിഫാമിലി കോൺഗ്രിഗേഷൻ കല്ലേറ്റുംകര പാവനാത്മാ പ്രോവിൻസിന്റെ ഒരു ശാഖാമഠം 1987 ജൂലൈ 3-ാം തിയ്യതി കൊടുങ്ങ പള്ളിക്ക് സമീപം ആരംഭിച്ചു. കോൺവെന്റ് കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം 8.6.1988-ൽ പള്ളി വികാരി റവ. ഫാ. ഡേവിസ് അമ്പൂക്കൻ നിർവ്വഹിച്ചു. അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 8.12.1988-ൽ വെഞ്ചിരിപ്പും ഉദ്ഘാടനകർമ്മവും നിർവ്വഹിച്ചു. കോൺവെന്റ് ഹോളി ഫാമിലി, കൊടുങ്ങ



ഹോളിഫാമിലി മഠം

എന്ന പേരിലും അവാർഡിന്റെ സബ്സെന്റർ - ജ്യോതിഭവൻ, കൊടുങ്ങ എന്ന പേരിലും പ്രവർത്ത നമാരംഭിച്ചു.

## സൈറിൻ സ്പെഷ്യൽ സ്ക്കൂൾ

ബുദ്ധിവൈകല്യം (Mentally Challenged) സംഭ



സൈറിൻ സ്പെഷൽ സ്ക്കൂൾ

വിച്ചവരുടെ സമഗ്രവികസനം ലക്ഷ്യമാക്കി 1996 ഫെബ്രുവരി 19-ാം തിയ്യതി അവാർഡ് ചാലക്കുടിയും, ഹോളിഫാമിലി കോൺഗ്രിഗേഷന്റെ പാവനാത്മാ പ്രോവിൻസും ചേർന്ന് കൊടുങ്ങ ഹോളിഫാമിലി കോൺവെന്റിനോട് അനുബന്ധമായി സ്ഥാപിച്ചതാണ് സൈറിൻ സ്പെഷ്യൽ സ്ക്കൂൾ.

## സെന്റ് ആൻസ് എഫ്.സി. കോൺവെന്റ് & എൽ.പി. സ്ക്കൂൾ, കോപ്ലിപ്പാടം

1969 ഏപ്രിൽ 20-ാം തിയ്യതി ഈ കോൺവെന്റിന്റെ ആശീർവാദകർമ്മം അഭിവന്ദ്യ മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനി നിർവ്വഹിച്ചു. 1982



സെന്റ് ആന്റണീസ് കപ്പേള, കോപ്ലിപ്പാടം



സെന്റ് ജോസഫ് കപ്പേള, മോനൊടി



സെന്റ് സെബാസ്റ്റ്യൻ കപ്പേള, കൊടുങ്ങ



എഫ്.സി.സി. കോൺവെന്റ്, കോപ്ലിപ്പാടം



സെന്റ് ആൻസ് എൽ.പി. സ്ക്കൂൾ, കോപ്ലിപ്പാടം

ജൂൺ 1-ന് 4 ക്ലാസ്സുകളോടുകൂടി ആരംഭിച്ച ഈ എൽ.പി. സ്ക്കൂളിന്റെ പ്രഥമ ഹെഡ്മിസ്ട്രസ്സ് സിസ്റ്റർ ആൻമരിയ ആയിരുന്നു. ഉന്നത നിലവാരം പുലർത്തുന്ന ഈ പ്രാഥമിക വിദ്യാലയം 12 ഡിവിഷനുകളോടുകൂടി പ്രവർത്തിക്കുന്നു.

## എയ്ഞ്ചൽ നഴ്സറി, കൊടുങ്ങ

കൊടുങ്ങയിലും സമീപ പ്രദേശങ്ങളിലുമുള്ള കുട്ടികൾക്കുവേണ്ടി 2007-ൽ ആരംഭിച്ചതാണ് പള്ളിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എയ്ഞ്ചൽ നഴ്സറി.



ഏയ്ഞ്ചൽ നഴ്സറി & പാരിഷ് ഹാൾ